(ബി) കണ്ണൂർ ജില്ലയിലെ പ്രസ്തുത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഡിസൈൻ അപ്രൂവൽ ആയിട്ടുണ്ട്. 386.00 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദമായ എസ്റ്റിമേറ്റ് (DPR) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കി വരുന്നു. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി RIDF-22-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

കനോലി കനാലിന്റെ അരികുവശം ഇടിഞ്ഞുവീണതുമൂലമുള്ള റോഡുകളുടെ അപകടാവസ്ഥ

146 (2426) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കനോലി കനാലിന്റെ അരികുവശം പലസ്ഥലങ്ങളിലും ഇടിഞ്ഞുവീണ് റോഡുകൾ അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടങ്ങളിൽ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കനോലി കനാലിന്റെ ഇരുകരകളിലുമുള്ള ഇൻസ്പെക്ഷൻ റോഡുകൾ കോർപ്പറേഷൻ വിഭാഗം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അനുവാദം കൂടാതെയാണ് ഗതാഗത യോഗ്യമാക്കിയിട്ടുള്ളത്. കനാലിന്റെ ഇരുകരകളിലുമുള്ള പാർശ്വഭിത്തികൾ ഒന്നുംതന്നെ റോഡ് ഗതാഗതത്തിന് യോഗ്യമായ ബലമുള്ളവയല്ല. കനാലിന്റെ ഇരുകരകളിലുമുള്ള ഇൻസ്പെക്ഷൻ റോഡിലൂടെ ഭാരമേറിയ വാഹനങ്ങൾ പോകുന്നതുകൊണ്ടാണ് പാർശ്വഭിത്തി ഇടിയാൻ കാരണമാകുന്നത്. ഇ. കെ. കനാൽ ദേശീയ ജലപാതയായി ഉയർത്തിയിട്ടുള്ളതിനാൽ 14 മീറ്റർ എന്ന മാനദണ്ഡം പാലിച്ചുകൊണ്ട് മാത്രമേ പാർശ്വഭിത്തിയുടെ പുനർനിർമ്മാണത്തിന് അനുവാദം നൽകുവാൻ സാധിക്കുകയുള്ളൂ. കനാലിന്റെ 14 മീറ്റർ വീതി വരുന്ന ഭാഗങ്ങളിലെ പ്രവൃത്തികൾക്കുവേണ്ടി 170 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം ലഭിച്ചിട്ടില്ല. വെണ്ണീർവയൽ ഭാഗത്ത് റോഡിലുണ്ടായ വിള്ളലുകൾ പരിഹരിക്കുന്നതിന് കളക്ടറുടെ നിർദ്ദേശത്തെതുടർന്ന് പാർശ്വഭിത്തി സംരക്ഷണവും ചെളി നീക്കവും കൂടി 11.70 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. പക്ഷേ കോൺട്രാക്ടർമാരുടെ ഭാഗത്തുനിന്ന് പ്രതികരണം ലഭിച്ചിരുന്നില്ല. ആയതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. തുടർന്ന് ചെളി നീക്കുന്ന പ്രവൃത്തി ഒഴിവാക്കി പാർശ്വഭിത്തി കെട്ടി സംരക്ഷണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതിയ നിരക്കനുസരിച്ച് സമർപ്പിക്കുവാൻ കോഴിക്കോട് ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മൈക്രോ ഇറിഗേഷൻ പദ്ധതികൾ

147 (2427) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര മൈക്രോഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചു, എവിടെയെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ഇതുവരെ ലഭിച്ചു, എത്ര തുക ചെലവഴിച്ചു, വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പാക്കിയതിലൂടെ പദ്ധതി പ്രദേശത്തുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് വയനാട് ജില്ലയിലെ പുൽപ്പള്ളിയിലും ഇടുക്കി ജില്ലയിലെ വട്ടവടയിലും മൈക്രോ ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചു.

(ബി) മേൽ പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

LIBRARY ARCHIVES Kerala Legislative Assembly